(ബി) തുടർച്ചയായി ധനസഹായം നൽകിയിട്ടും ഒരു തരത്തിലും ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കാതെ കൂടുതൽ നഷ്ടം ഉണ്ടാക്കിക്കൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നശേഷം പ്രവർത്തനം നിർത്തലാക്കിയത്. ബി. ഐ. എഫ്. ആർ. നടപടിക്രമമനുസരിച്ചുള്ള പുനരുദ്ധാരണ പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ബി. ഐ. എഫ്. ആർ. ന്റെ നിർദ്ദേശമനുസരിച്ചും കമ്പനികളും നിർത്തലാക്കിയിട്ടുണ്ട്.

(സി) അടച്ചുപൂട്ടൽ ഭീഷണി ഒരു സ്ഥാപനവും നേരിടുന്നില്ല.

സ്മാർട്ട് കാർഡും സ്മാർട്ട് ഓപ്റിക്കൽ കാർഡും

*5 [414] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. മുരളി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസിനും ആർ. സി. ബുക്കിനും പകരമായി ഗതാഗത വകുപ്പ് സ്മാർട്ട് കാർഡ് ആണോ, സ്മാർട്ട് ഓപ്റിക്കൽ കാർഡ് ആണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്;

(സി) ഇവയുടെ വിലയിൽ എന്തു വ്യത്യാസം വരും;

(ഡി) ലൈസൻസിനും ആർ. സി. ബുക്കിനും പകരമായി സ്മാർട്ട് കാർഡോ, സ്മാർട്ട് ഓപ്റിക്കൽ കാർഡോ ഏർപ്പെടുത്തുന്ന നിർദ്ദേശം ഏതു ഘട്ടത്തിൽ ആരിൽ നിന്നുണ്ടായി എന്നുപറയുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമാണ് ലൈസൻസിനു സ്മാർട്ട് കാർഡും ആർ. സി. ബുക്കിനു സ്മാർട്ട് ഓപ്റിക്കൽ കാർഡും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സ്മാർട്ട് കാർഡിൽ കമ്പ്യൂട്ടർ ചിപ്പിൽ ഡേറ്റാ ശേഖരിക്കുമ്പോൾ സ്മാർട്ട് ഓപ്റിക്കൽ കാർഡിൽ ഒപ്റിക് സ്ട്രിപ്പിലും കമ്പ്യൂട്ടർ ചിപ്പിലുമായി ഡേറ്റാ ശേഖരിക്കാവുന്നതാണ്. കമ്പ്യൂട്ടർ ചിപ്പിൽ ശേഖരിക്കാവുന്നതിനേക്കാൾ കൂടുതൽ വിവരങ്ങൾ ഒപ്റിക് സ്ട്രിപ്പിൽ ശേഖരിക്കാവുന്നതാണ്. സ്മാർട്ട് കാർഡിനേക്കാൾ സ്മാർട്ട് ഓപ്റിക്കൽ കാർഡ് താരതമ്യേന കൂടുതൽ കാലം നിലനിൽക്കുന്നതാണ്.

(സി) സാമ്പത്തിക ദർഘാസ് തുറന്നാൽ മാത്രമേ ഇത് അറിയുവാൻ കഴിയുകയുള്ളൂ. ടെക്നിക്കൽ ടെണ്ടർ പരിശോധിച്ചുവരുന്നു. അതിൽ യോഗ്യത നേടുന്ന സ്ഥാപനങ്ങളുടെ സാമ്പത്തിക ദർഘാസ് മാത്രമേ പരിശോധിക്കുകയുള്ളൂ.

(ഡി) സ്മാർട്ട് കാർഡ്, സ്മാർട്ട് ഓപ്റിക്കൽ കാർഡ് രൂപത്തിൽ ലൈസൻസും ആർ. സി. ബുക്കും നൽകുന്നതിനുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയതാണ്. 14-3-2001-ലെ ജി. ഒ. (ആർ. ടി.) നം. 96/01/ജി. ഒ. (ആർ. ടി.) നമ്പർ 97/01 എന്നീ ഉത്തരവുകൾ പ്രകാരമാണ് മോട്ടോർ വാഹന വകുപ്പ് ഇക്കാര്യം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചത്.

മലബാർ സിമൻറ്സിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

*6 [415] ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മലബാർ സിമൻറ്സിന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നു വന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അക്കൗണ്ടൻറ് ജനറൽ പരിശോധനയ്ക്കു ശേഷം നിയമസഭയിൽ സമർപ്പിച്ച അവസാനത്തെ റിപ്പോർട്ടിൽ മലബാർ സിമൻറ്സിനെ സംബന്ധിച്ച പരാമർശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-04-ൽ വിവിധ ഇടപാടുകളിലായി 197.66 കോടി രൂപയുടെ വെട്ടിപ്പുകൾ മലബാർ സിമൻറ്സിൽ നടന്നുവെന്ന് അക്കൗണ്ടൻറ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) മലബാർ സിമൻറ്സിനെക്കുറിച്ച് ഇതിനകം ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളും ക്രമക്കേടുകളും അന്വേഷിക്കുവാൻ സർക്കാർ തയ്യാറാവുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) കമ്പനിക്കെതിരായി വന്ന ആരോപണങ്ങൾ അതാത് കാലത്ത് വിശദവിവരങ്ങൾ കമ്പനിയിൽ നിന്നും വരുത്തി പരിശോധിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി (2004-2006) അതിന്റെ 92-ാമത് റിപ്പോർട്ടിൽ, 31-3-2001-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ ഓഡിറ്ററിന്റെ അടിസ്ഥാനത്തിൽ, CAG താഴെ പറയുന്ന രണ്ട് Audit Paras ഉന്നയിച്ചതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്:

(i) കമ്പനിയുടെ മുഴുവൻ അധികഫണ്ടും ട്രഷറിയിൽ നിക്ഷേപിക്കാത്തതുകൊണ്ട്, കമ്പനിക്കുണ്ടായ 12 ലക്ഷം രൂപ പലിശ നഷ്ടം.

(ii) കമ്പനിക്ക് ഫലപ്രദമായ ആസൂത്രണം ഇല്ലാതെ പോയതുകൊണ്ട് റെയിൽ വഴി ഉയർന്ന കടത്തുകൂലി കൊടുത്ത് ലാറൈറ്റ് കൊണ്ടുവരേണ്ടി വന്നതിന്റെ ഫലമായി, ഒഴിവാക്കാമായിരുന്ന 15 ലക്ഷം രൂപയുടെ നഷ്ടം.

മുകളിൽ സൂചിപ്പിച്ച രണ്ട് Audit Paras-നെക്കുറിച്ച് യഥാക്രമം പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്:

(1) പൊതുമേഖലാ സ്ഥാപനങ്ങൾ അധിക ഫണ്ട് ട്രഷറിയിൽത്തന്നെ നിക്ഷേപിക്കണമെന്നുള്ള 1997-ലെ സർക്കാർ സർക്കുലറിനെ പരാമർശിച്ച്,

LIBRARY ARCHIVES Kerala Legislative Assembly